# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.13/1807/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയതി: 07/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.13/1807/2023 തീയ്യതി: 07/09/2023

## മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2022 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ.കെ. കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജഹാൻ ഖുറൈഷി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഇദ്‌രീസ് അബ്ദുല്ല .എ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസീന ഇബ്രാഹിം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പി ബി സജി | സെക്രട്ടറി | 01-04-2022 | 15-06-2022 |
| ശ്രീമതി. മിനി ജോസഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-06-2022 | 22-06-2022 |
| ശ്രീ. പി ബി സജി | സെക്രട്ടറി | 23-06-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മിനി ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 21-10-2022 |
| ശ്രീമതി. ആശ ബി | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 31-03-2023 |
| ഡോ. നിഗാർ കാസിം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 05-05-2022 |
| ഡോ. ഗീത എം.ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 06-05-2022 | 31-03-2023 |
| ഡോ. നസീൽ എസ്.എം | വെറ്ററിനറി സർജൻ | 01-04-2022 | 31-12-2022 |
| ഡോ. സുഹൈബ് പി | വെറ്ററിനറി സർജൻ | 01-01-2023 | 14-02-2023 |
| ഡോ. ഫെബിന കെ.പി | വെറ്ററിനറി സർജൻ | 15-02-2023 | 31-03-2023 |
| ഡോ.നഷീദ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 10-06-2022 |
| ഡോ. രഹന പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 11-06-2022 | 31-03-2023 |
| ഡോ.മുഹമ്മദ് മുനീർ.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് നസിം.ഇ.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 21-12-2022 |
| ശ്രീ. അയ്യൂബ് ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-12-2022 | 31-03-2023 |
| ശ്രീ.അബ്ബാസ്.പി പി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. മനുജ ആർ.യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-07-2022 |
| ശ്രീമതി. ദീപ്തി എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-07-2022 | 26-08-2022 |
| ശ്രീമതി. മഞ്ജുഷ പി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. രമ്യ.സി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി. സൈനബ കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ശ്രീ.ഹരീഷ് കുമാർ കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-07-2022 |
| ശ്രീമതി. റീജ കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2022 | 17-10-2022 |
| ശ്രീ.മുഹമ്മദ് സാദിഖ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18-10-2022 | 31-03-2023 |
| ശ്രീമതി. രജീന വാസുദേവൻ ടി | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി. മഞ്ജു മോഹൻ ഇ | കൃഷി ഓഫീസർ | 30-07-2022 | 04-08-2022 |
| ശ്രീമതി. ഫാത്തിമ സക്കറിയ എം.കെ | കൃഷി ഓഫീസർ | 05-08-2022 | 03-10-2022 |
| ശ്രീമതി. സഹ്ല ബാനു കെ | കൃഷി ഓഫീസർ | 04-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രിക | 1-1-1 |
| 3 | അക്കൗണ്ട്സ് ചട്ട പ്രകാരമുള്ള കുറിപ്പുകൾ | 1-1-2 |
| 4 | തെറ്റായ ശീർഷകത്തിൽ ചലവ് ബുക്ക് ചെയ്തു. | 1-1-3 |
| 5 | ഡി.സി.ബി രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗ പത്രിക | 1-4-1 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനതു വരുമാനം-ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം. | 1-11 |
| 17 | വസ്തു നികുതി നിർണ്ണയം-കരട് വിജ്ഞാപനം- അപാകതകൾ | 1-12 |
| 18 | വയോജനങ്ങൽക്ക് കട്ടിൽ -ടെണ്ടർ നടപടികളില്ലാതെ KADCO മുഖേന നടപ്പാക്കി. | 1-13 |
| 19 | ഇ ടെണ്ടർ -ടെണ്ടർ ഫീ വിവരം ലഭ്യമാക്കണം. | 1-14 |
| 20 | മരാമത്ത് പ്രവൃത്തികൾ- ഓഡിറ്റ് അന്വേഷണക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 46853 രൂപ തിരിച്ചടവാക്കി. | 1-15 |
| 21 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | 1-16 |
| 22 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-17 |
| 23 | ടേക്ക് എ ബ്രേക്ക് -അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ പ്രവർത്തനക്ഷമമായില്ല. | 1-18 |
| 24 | തെങ്ങിൻ തൈ വിതരണം-അപാകതകൾ | 1-19 |
| 25 | കുറ്റിക്കുരുമുളക് വിതരണം-അപാകതകൾ | 1-20 |
| 26 | ജൈവവള വിതരണം- സബ്സിഡി അപാകതകൾ | 1-21 |
| 27 | ഫെസ്റ്റിവൽ അഡ്വാൻസ് തുക നൽകിയത് -രേഖകൾ ഹാജരാക്കേണ്ടതാണ് | 1-22 |

| | | |
|---|---|---|
| 28 | ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങിയത്-അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-23 |
| 29 | എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 30 | രശീതി/ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-25 |
| 31 | തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-26 |
| 32 | വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം -അപാകതകൾ | 1-27 |
| 33 | ടെണ്ടർ നടപടി സ്വീകരിക്കാതെ പഠനോപകരണങ്ങൾ വാങ്ങി | 1-28 |
| 34 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-29 |
| 35 | ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-30 |
| 36 | KSEB എടയൂരിന് നൽകിയ തുക | 1-30-1 |
| 37 | GWD, മലപ്പുറത്തിന് നൽകിയ തുക | 1-30-2 |
| 38 | കെ.എം.എസ്.സി.എൽ. ന് മുൻകൂർ തുക നൽകി - മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-31 |
| 39 | പ്രിന്റിംഗ് ചാർജ് നൽകിയത് - ടെണ്ടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-32 |
| 40 | കുടിവെള്ള വിതരണം-അപാകതകൾ | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജൈവവള വിതരണം- സബ്സിഡി അപാകതകൾ | 3-1 |
| 2 | തെങ്ങിൻ തൈ വിതരണം-അപാകതകൾ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് എടയൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 ലെ 1(1) തീരുമാന പ്രകാരം തയ്യാറാക്കി 11.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൽക്കൊപ്പം സമർപ്പിച്ചിട്ടുള്ള എടയൂർ ഗ്രാമ പഞ്ചായത്തന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രദാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 14-08-2023

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 ക്യാഷ് ഫ്ലോ പത്രിക

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 4083969/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 8766286/-രൂപയുമാണ് ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ട്സ് ചട്ട പ്രകാരമുള്ള കുറിപ്പുകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 തെറ്റായ ശീർഷകത്തിൽ ചലവ് ബുക്ക് ചെയ്തു.

പ്രൊജക്ട് നം.2/2022-23 - കുഴൽ കിണർ നിർമ്മാണത്തിന് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർമെന്റിന് നൽകിയ 702349/-രൂപ (വൗച്ചർ നം-22200555/14.12.2022), വാർഷികകണക്കിലെ Rp-49ഷെഡ്യൂൾ പ്രകാരം Kerala State Housing Board ൽ

ഡെപ്പോസിറ്റ് ചെയ്തതായാണ് കാണിച്ചിട്ടുള്ളത്.

### 1-1-4 ഡി.സി.ബി രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഇനങ്ങളിൽ വാർഷികകണക്ക് പ്രകാരം ഉള്ള വരവുകൾ ഡി.സി.ബി രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുമ്പോൾ താഴെ പറയും പ്രകാരമുള്ള വ്യത്യസങ്ങൾ കാണുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം വരവ് | രജിസ്റ്റർ പ്രകാരം | വ്യത്യസം |
|---|---|---|---|
| Fee For Building Regularisation | 367901/- | - | 367901/- |

| | | | |
|---|---|---|---|
| Advance Collection - License Fees For Dangerous And Offensive Trades | 42750/- | 40500/- | 2250/- |
| Advance Collection - Profession Tax - Institutions/Professionals/Traders | 46200/- | 42800/- | 3400/- |
| Profession Tax - Traders | 189100/- | 181250/- | 7850/- |
| License Fees For Dangerous And Offensive Trades | 171000/- | 152000/- | 19000/- |

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 23.03.2022 ലെ 1(1) നം. തീരുമാനം | തീരുമാന നം 1(1) തിയ്യതി 03.03.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30111049 |
| വരവ് | 74979624 |
| ആകെ | 105090673 |
| ചെലവ് | 66213338 |
| നീക്കിയിരിപ്പ് | 38877335 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24656800 | 24656800 | 23289369 | 1367431 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6252447 | 6252447 | 6252447 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7452000 | 7452000 | 6677407 | 774593 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6279000 | 6279000 | 4935771 | 1343229 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 10170125 | 10170125 | 3033099 | 7137026 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 5194974 | 5194974 | 4747118 | 1047856 |
| ബി ഫണ്ട് | 0 | 48349148 | 48349148 | 48349148 | 0 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക

ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടിലെ ചെലവ് ഉകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക | വ്യത്യാസം |
|---|---|---|---|
| Developement Fund-General | 23289369 | 25367773 | 2078404 |
| Developement Fund-SCP | 6252447 | 7974000 | 1721553 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 205 | 196371317 | 177 | 70770190 | 0 | 28 | 86.3% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 83 | 1215184 | 1215267 | 610466 | 604801 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16091846 | 16091846 | 16091846 | 0 |
| | 83 | 17307030 | 17307113 | 16702312 | 604801 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1174400 | 767 |
| വിധവാപെൻഷൻ | 13688400 | 8650 |
| വാർദ്ധക്യകാലപെൻഷൻ | 28170500 | 18185 |
| വികലാംഗപെൻഷൻ | 4292900 | 2706 |
| വിവാഹ ധനസഹായം | 480000 | 15 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 459200 | 287 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39246 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുള്ള വാങ്ങലുകൾ പ്രസ്തുത സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് നിശ്ചയിച്ച് നൽകിയ സ്പെസിഫിക്കേഷനും വിലയും അടങ്ങിയ ഉത്തരവുകൾ പരിഗണിക്കാതെ നടത്തുന്നു.
2.ഹെഡ് മാസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ഓഫീസ് കാഷ് ബുക്കിലല്ല . പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. പ്രിന്റിംഗ് -ടെണ്ടർ നടപടി കൂടാതെ സ്ഥാപനങ്ങളെ ഏൽപ്പിച്ച് ചെലവ് ചെയ്യുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2022 | 04/2022 മുതൽ 07/2022 വരെ | 11.08.2022 |
| എ.ജി ഓഡിറ്റ് | 22/09/2021 മുതൽ 08/10/2021 വരെ | 2019-20 & 2020-21 | 05.11.2021 |

## 1-11 തനതു വരുമാനം-ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 17 മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. 12.08.2022 ന് നടന്ന ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി തീരുമാനം 2 പ്രകാരം വസ്തുനികുതി കുടിശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കുകയും , നികുതി അടവാക്കാത്ത മുഴവൻ കെട്ടിട ഉടമകൾക്കും കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തെങ്കിലും വസ്തു നികുതി പിരിവ് 100% നടന്നിട്ടില്ല. ഈയിനത്തിൽ 522225/-രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എടയൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 15.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/1 നമ്പർ തീരുമാന പ്രകാരം 14.06.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (കരട്) 15.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 4 നമ്പർ തീരുമാന പ്രകാരം 14.06.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത് പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ പരിഗണിച്ചോ എന്നുള്ളത് വ്യക്തമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1100 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ

എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ക്രമവത്കരിച്ച് നൽകുകയോ അല്ലെങ്കിൽ യു.എ നമ്പർ നൽകുകയോ ചെയ്ത് വസ്തുനികുതി ചുമത്തേണ്ടതാണ്.
നിലവിൽ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പൊതുജനത്തിന് നേരിട്ട് പണമെടുക്കുന്നതിനായി SBI യിൽ SBI EPAYMENT (67377077217) ഓൺലൈൻ സംവിധാനമുണ്ട്. എന്നാൽ ഇത്തരം പണമിടപാടുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. IKM ഓൺലൈൻ ട്രാൻസാക്ഷൻ ഉകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നത് വൈകുന്നതാണ് കാരണമെന്ന് അക്കൗണ്ടന്റ് അറിയിച്ചിട്ടുണ്ട്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തിയതായി കാണുന്നില്ല.വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പ്രകാരം വസ്തു നികുതിയിനത്തിൽ 1600000 രൂപ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം 1210430 രൂപ ലഭിച്ചിട്ടുണ്ട്. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

2). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

4). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

മറ്റിനങ്ങൾ

വിനോദ നികുതി, ലേലം, വാടക, ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ വരവൊന്നും ഇല്ല.

പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ

ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അമ്യൂസ്മെന്റ് പാർക്ക്/ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാനം നേടാവുന്നതാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയം-കരട് വിജ്ഞാപനം- അപാകതകൾ

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം പഞ്ചായത്തിലെ ഭൂപ്രദേശങ്ങളെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായും; ചട്ടം-8 പ്രകാരം പഞ്ചായത്തിലെ റോഡുകളെ നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ , പഞ്ചായത്ത് നിശ്ചയിക്കുന്ന ഒന്നാം തരം/ രണ്ടാം തരം റോഡ് , ജില്ലാ റോഡ് എന്നിങ്ങനെയും തരം തിരിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ മേഖലകളേയും റോഡുകളേയും തരംതിരിച്ചത് പുതുക്കി നിശ്ചയിക്കുന്നതിന് സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 പ്രകാരം നിർദേശിച്ചിരുന്നു. ആയത് പ്രകാരം 14.06.2023 ന് ഇതു സംബന്ധിച്ച് പഞ്ചായത്ത് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പഞ്ചായത്ത് പുറപ്പെടുവിച്ച കരട് വിജ്ഞാപനം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1). മേൽ ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ പഞ്ചായത്തിലെ പ്രദേശങ്ങളെ മേഖലകളുടെയും റോഡുകളുടെയും തരം തിരിവ് 2011 നിശ്ചയിച്ച അതേപടി നിലനിർത്തിയതായാണ് കാണുന്നത്. മേഖല/റോഡ് എന്നിവയുടെ തരം പുതുക്കുന്നത് സംബന്ധിച്ച ചർച്ചകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടന്നിട്ടില്ല.

2). പഞ്ചായത്ത് പരിധിയിലൂടെ കടന്ന് പോകുന്ന സംസ്ഥാന ഹൈവേ-73 (വളാഞ്ചേരി-നിലമ്പൂർ റോഡ്) കരട് വിജ്ഞാപന പ്രകാരം സംസ്ഥാന ഹൈവേ എന്നതിന് പകരം പഞ്ചായത്ത് നിശ്ചയിക്കുന്ന ഒന്നാം തരം റോഡ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുവിലേക്കുള്ള വഴി സൗകര്യത്തിനനുസരിച്ച് അടിസ്ഥാന വസ്തു നികുതിയിൽ വരുത്തുന്ന വർദ്ധവ് സംസ്ഥാന ഹൈവേയിൽ നിന്ന് പ്രവേശനം മാർഗമുള്ളതിന് 30% വും ഒന്നാം തരം റോഡിൽ നിന്ന് പ്രവേശനം മാർഗമുള്ളതിന് 20% വും ആയതിനാൽ, മേൽ പറഞ്ഞ റോഡിൽ നിന്നും പ്രവേശന മാർഗമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ 10% നഷ്ടത്തിന് കാരണമാകുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(18/2022-23)ക്ക് മേൽ ഭരണ സമിതിയിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 വയോജനങ്ങൾക്ക് കട്ടിൽ -ടെണ്ടർ നടപടികളില്ലാതെ KADCO മുഖേന നടപ്പാക്കി.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് ടെണ്ടർ നടപടികൾ പാലിക്കാതെ KADCO മുഖേനയാണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

പ്രൊജക്ട് - വയോജനങ്ങൾക്ക് കട്ടിൽ (പ്രോജക്ട് നം- 106/2022-23)

വിതരണക്കാരൻ -Kerala Artisans Developement Corporation Ltd, Kozhikode

ചെലവ് - 432942/-രൂപ (BRN-22150852035401519446/28.03.2023)

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകത കാണുന്നു.

<u>സർക്കാർ അനുമതിക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങി.</u>

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി KADCOയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്.(GO(RT) -60/2017/SPD Dt.20.10.2017) മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ KADCOയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാതെ ഒരു സാധനം KADCOയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ 198cm Length* 90cm Width, Front Leg 60cm Height, Back Leg 50cm Height, 8mm Thickness Plywood On Top -Specifications ഉള്ള കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (05/2022-23 Dated. ക്ക് മേൽ പറഞ്ഞ സ്പെസിഫിക്കേഷൻ ഉള്ള കട്ടിലുകൾ KADCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് GO(RT) -57/2023/SPD Dt.02.06.2023 പ്രകാരം അനുവദിച്ചിട്ടുണ്ടെന്നും, തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുമെന്നും മറുപടി ലഭ്യമാക്കി. മറുപടി പ്രകാരം ലഭ്യമാക്കിയ ഉത്തരവ് പദ്ധതി നിർവ്വണ സമയത്ത് പ്രാബല്യത്തിൽ വന്നിട്ടില്ലാത്തതും, കട്ടിലിന്റെ വില വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിന് നൽകാവുന്ന സബ്സിഡി തുകയേക്കാൾ കൂടിയതുമാണ്.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും, വിലയും ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ടതാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഇ ടെണ്ടർ -ടെണ്ടർ ഫീ വിവരം ലഭ്യമാക്കണം.

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 2/27-07-2023ന് മറുപടി ലഭ്യമാക്കിയില്ല)

## 1-15 മരാമത്ത് പ്രവൃത്തികൾ- ഓഡിറ്റ് അന്വേഷണക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 46853 രൂപ തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റിലും മൂല്യനിർണ്ണയത്തിലും ഉള്ള അപാകത കാരണം കരാറുകാർക്ക് അധികം നൽകിയ തുക ഓഡിറ്റ് അന്വേഷണക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ പട്ടികയിൽ പറയും പ്രകാരം തിരിച്ചടവാക്കി.

| ക്രമനമ്പർ | പ്രൊജക്ട് | തുക | രശീതി | റിമാർക്സ് |
|---|---|---|---|---|
| 1 | 154/23 പഴയ സ്കൂൾപടി തട്ടാരുപാറ റോഡ് നവീകരണം (എൻക്വയറി22/02-08-2023 ) | 11916 | 1230201315/ G100902/3.8.2023 | MoRD Code 3.5.2 ന് പകരം MoRD Code 3.5.1 അനുവദിച്ചത് വഴിയുണ്ടായ അധിക ചെലവ് |
| 2 | 193/23 ഒടുങ്ങാട്ടുകുളം ചെമ്മലക്കുന്ന് റോഡ് നവീകരണം (എൻക്വയറി23/02-08-2023 ) | 8475 | 1230201316/ G100902/3.8.2023 | MoRD Code 3.5.2 ന് പകരം MoRD Code 3.5.1 അനുവദിച്ചത് വഴിയുണ്ടായ അധിക ചെലവ് |
| 3 | 172/23 അലവിഹാജിപ്പടി പച്ചീരിത്തൊടി റോഡ് നവീകരണം (എൻക്വയറി24/02-08-2023 ) | 12407 | 1230201317/ G100902/3.8.2023 | MoRD Code 3.5.2 ന് പകരം MoRD Code 3.5.1 അനുവദിച്ചത് വഴിയുണ്ടായ അധിക ചെലവ് |
| 4 | 229/23 പതിയാരത്ത് പടി മാഞ്ഞാം പള്ളിക്കാട് റോഡ് നവീകരണം (എൻക്വയറി25/02-08-2023 ) | 12854 | 1230201318/ G100902/3.8.2023 | MoRD Code 3.5.2 ന് പകരം MoRD Code 3.5.1 അനുവദിച്ചത് വഴിയുണ്ടായ അധിക ചെലവ് |
| 5 | 129/23ടേക്ക് എ ബ്രേക്ക് പദ്ധതി- നൂറാടി (എൻക്വയറി30/02-08-2023 ) | 1201 | 1230201314/ G100902/3.8.2023 | മൂല്യനിർണ്ണയ രേഖ പ്രകാരമുള്ള ഇനം ചെയ്യാത്തതിനാൽ |

## 1-16 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിൽ എടയൂർ കേരള ഗ്രാമീണ ബാങ്ക് ശാഖയിൽ ഉള്ള 40647101110067നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 35727 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ സാധ്യതയില്ല.

പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, ഇ.എം.ഡി എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാവുന്നതാണ്. അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ സൂക്ഷിച്ചിട്ടുള്ള കാഷ്ബുക്കിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. ചെലവഴിക്കാൻഅവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കേണ്ടതും കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (26/2.8.2023)മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ 86/23,ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പ്രൊജക്ട് പ്രകാരം PF997/10.12.22 നമ്പർ ടാക്സ് ഇൻവോയ്സിന്റെ (പ്രൊഫോർമ ഇൻവോയ്സ് അല്ല) അടിസ്ഥാനത്തിൽ 3,00,000രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്.

ബിൽ നം.: 22150852035600911940/15.12.22 (MG(NR))

എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല.

ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ ഹോംകോയുമായി ചമയ്ക്കുന്ന കരാർ പ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി (നം.15/01.8.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ടേക്ക് എ ബ്രേക്ക് -അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ പ്രവർത്തനക്ഷമമായില്ല.

ഗ്രാമ പഞ്ചായത്തിലെ നൂറാടി എന്ന പ്രദേശത്ത് പി.ഡബ്ല്യു.ഡി റോഡിന് അരികിൽ ജില്ലാ കളക്ടറുടെ 9.11.2021 ലെ 320/ഡി.എസ്.എം/2020 നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക ഉപയോഗാനുമതി ലഭിച്ച റീ.സ 64/4 എ യിലെ 2 സെന്റ് സ്ഥലത്താണ് 4 ലക്ഷം രൂപ അടങ്കലിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയത്.( പ്രൊജ. 131/22)
(സംസ്ഥാനാവിഷ്കൃത പദ്ധതി 210000 രൂപ, തനത് ഫണ്ട് 40000, ധനകാര്യ കമ്മീഷൻ അവാർഡ് 150000)
നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ആകെ മൂല്യ നിർണ്ണയ തുക – 3,70 813 രൂപ.

ചെക്ക്- 4507/22.8.22 – 210000

5231/22.8.22- 10813

BRN 22150852035500410604/11.8.22- 150000.

പദ്ധതി നടപ്പാക്കിയത് 1.8.2023 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ജലലഭ്യതക്കായി യാതൊരു സംവിധാനവും ഏർപ്പെടുത്താതെയാണ് കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത് എന്ന് കണ്ടു. അത് കൊണ്ടു തന്നെ നാളിതുവരെ ഇത് പ്രയോജനപ്രദമാക്കാൻ കഴിയാതെ നിഷ്ക്രിയമായി നിൽക്കുകയാണ്. മാത്രവുമല്ല ഗ്രാമ പഞ്ചായത്തിലെ പൊതുജന സമ്പർക്കവും സന്ദർശകസാധ്യത കുറഞ്ഞതുമായ പ്രദേശത്താണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (Audit Enquiry 29/2.08.2023) ജല ലഭ്യതക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 തെങ്ങിൻ തൈ വിതരണം-അപാകതകൾ

പ്രൊജക്ട് : 92/23, മുറ്റത്തൊരു കൽപ വൃക്ഷം

നിർവ്വഹണം : കൃഷി ഓഫീസർ

ബിൽ നമ്പർ : 22150852035600151740 8/28.3.23 :2,72,850/- (വികസന ഫണ്ട്)

ചെക്ക് നമ്പർ : 6814723/28.3.23 : 90,950/- (ഗുണഭോക്തൃ വിഹിതം)

ആകെ :3,63,800/-

VFPCKയുടെ MLP/22-23/179 /17.3.2023 ഇൻവോയ്സ് പ്രകാരം 1819 (@250/-) എണ്ണം തെങ്ങിൻ തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 4500 വീടുകളിൽ ഒരു തെങ്ങിൻ തൈ വീതം നൽകുന്നതിനാണ് പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി 2 മുതൽ 50 വരെ എണ്ണം തൈകൾ ഒരേ വീട്ടിലേക്ക് വിതരണം നടത്തിയിട്ടുണ്ട്. തൈകൾ കൂടുതൽ എണ്ണം നൽകിയത് വഴി സബ്സിഡി അധികം നൽകിയിട്ടുണ്ട്.
വിശദവിവരം ഖണ്ഡിക 3-2ൽ നൽകിയിട്ടുണ്ട്.

## 1-20 കുറ്റിക്കുരുമുളക് വിതരണം-അപാകതകൾ

പ്രൊജക്ട് : 83/23, ഗ്രോ ബാഗുകളിൽ കുറ്റിക്കുരുമുളക് വിതരണം

നിർവ്വഹണം : കൃഷി ഓഫീസർ

ബിൽ നമ്പർ : 221508520356001573589/31.3.23 :1,27,875/- (വികസന ഫണ്ട്)

ചെക്ക് നമ്പർ : 6814723 /28.3.23 : 42,625/-(ഗുണഭോക്തൃ വിഹിതം)

ആകെ :1,70,500/-

സീഡ് ഗാർഡൻ മുണ്ടേരിയുടെ C.641/2023/ 23.3.2023 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 682 യൂണിറ്റ് (@250/-) കുറ്റിക്കുരുമുളകിന്റെ വിലയായി 1,70,500 രൂപ മുൻകൂർ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത കുറ്റിക്കുരുമുളക് ലഭ്യമാക്കി വിതരണം നടത്തിയിട്ടില്ല.

കുറ്റിക്കുരുമുളക് മുതലായ തൈകൾ,വിത്തുകൾ, വളങ്ങൾ,മറ്റ് കാർഷിക ഉപകരണങ്ങൾ എന്നിവ ആർജ്ജിക്കുന്നതിന് വിതരണ ഏജൻസികൾക്ക് പ്രൊഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ തുക മുൻകൂർ ഒടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നാളിതുവരെ പദ്ധതി പ്രകാരമുള്ള കുറ്റിക്കുരുമുളക് വിതരണം നടത്താത്തത് സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.21/02.8.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.കുറ്റിക്കുരുമുളക് ലഭ്യമാക്കി വിതരണം ചെയ്യുന്നതു വരെ തൈകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 170500/-രൂപ തടസ്സം ചെയ്യുന്നു. വികസനഫണ്ട് തുകയ്ക്ക് പ്രതിമാസം 1.5%നിരക്കിൽ പലിശ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-21 ജൈവവള വിതരണം- സബ്സിഡി അപാകതകൾ

പ്രൊജക്ട് : 94/23, കേരഗ്രാമം,തെങ്ങ് കൃഷിക്ക് ജൈവ വളം

നിർവ്വഹണം : കൃഷി ഓഫീസർ

ബിൽ നമ്പർ : 221508520356001517336/28.3.23 : 2,07,346/-

: 221508520356001385116/16.3.23 : 1,61,444/-

ആകെ : 3,68,790/- (വികസന ഫണ്ട്-ജനറൽ)

പദ്ധതി പ്രകാരം കേര കർഷകർ വാങ്ങിയ ജൈവ വളം ഇൻവോയ്സുകൾ പരിശോധിച്ച് വിലയുടെ 75% അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. ജില്ലാ തലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റ് അടിസ്ഥാനമാക്കി ആയതിന്റെ 75% തുക കർഷകർക്ക് നൽകുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖ അനുമതി നൽകുന്നത്.

ജില്ലാ തല വികസന സമിതിയുടെ 01.7.2022 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ വികസന കമ്മീഷണർ 1212/2021-22/ഡി.പി.സി/ഡി.പി.ഒ/എം.പിഎം നമ്പരായി പുറപ്പെടുവിച്ച നടപടി ക്രമത്തിൽ യൂണിറ്റ് കോസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ക്രമ നമ്പർ4. എല്ലുപൊടി കിലോഗ്രാമിന് 36രൂപയും ക്രമനമ്പർ6. ട്രൈക്കോഡർമാ സമ്പുഷ്ടീകരിച്ച ജൈവ വളം കിലോഗ്രാമിന് 16 രൂപയുമാണ്.

പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ച കർഷകർ വാങ്ങിയ ഇൻവോയ്സുകൾ പ്രകാരം യൂണിറ്റ് കോസ്റ്റിലും അധികം വിലയുള്ളതായും യൂണിറ്റ് കോസ്റ്റിൽ പരിമിതപ്പെടുത്താതെ സബ്സിഡി അനുവദിച്ചതായും കാണുന്നു.

വിശദ വിവരം ഖണ്ഡിക 3-1ൽ നൽകിയിട്ടുണ്ട്.

## 1-22 ഫെസ്റ്റിവൽ അഡ്വാൻസ് തുക നൽകിയത് -രേഖകൾ ഹാജരാക്കേണ്ടതാണ്

1. ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 22200360/05-09-2022 -ാം നമ്പർ വൗച്ചർ പ്രകാരം 86,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥ തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്-

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | കൈപ്പറിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീമതി സജിനി ആഞ്ജിലോസ്, സീനിയർ ക്ലർക്ക് | 20,000 | 16,000 | 4,000 |

2. ശ്രീ. പ്രമോദ് ശേഖർ, ഹെഡ് ക്ലർക്കിന്റെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത ഫെസ്റ്റിവൽ അഡ്വാൻസ് തുക 12,000 രൂപ ബെള്ളൂർ ഗ്രാമപഞ്ചായത്തിലേക്ക് അയച്ച് കൊടുക്കുത്തിട്ടുണ്ട്. ആയതിന്റെ രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 11/01-08-2023 ന് മറുപടി ലഭ്യമാക്കി.

## 1-23 ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങിയത്-അപാകതകൾ പരിഹരിക്കേണ്ടതാണ്

പ്രൊജക്ട് - ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങൽ

നം. - S0007/2023

വൗച്ചർ നം. 22100990/18-03-2022 : 4,27,959

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനക്ക് പുതിയ ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകളുണ്ട്.

1. കുറ്റക്കാരൻ ഗ്രീൻ പ്രൈ. ലി.ന് നൽകിയ തുകയിൽ നിന്നും (407180) 2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 2% GST TDS ചെയ്തിട്ടില്ല.

2. ജി.ഒ.(സാധാ)നം. 2420/2017/തസ്വഭവ/15-07-2017 പ്രകാരം വാഹനത്തിന്റെ ദൈനംദിന ചെലവുകളും അറ്റകുറ്റപ്പണികളും ഹരിതകർമ്മ സേന വഹിക്കേണ്ടതാണ്. ആയത് കൃത്യമായി ആസൂത്രണം ചെയ്യാതെയാണ് വാഹനം വാങ്ങിയിട്ടുള്ളത്. വാഹനത്തിന്റെ തുടർ പരിപാലന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 09/31-07-2023 ന് മറുപടി ലഭ്യമാക്കി.

## 1-24 എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് : എസ്.എസ്.കെ വിഹിതം നൽകൽ

നം : S0091/2023

അടങ്കൽ - 8,00,000 (വികസന ഫണ്ട്-ജനറൽ)

BRN: 22150852010400574905/26-09-2022 : 8,00,000

2. പ്രൊജക്ട് : എസ്.എസ്.കെ വിഹിതം അടവാക്കൽ - എസ്.സി

നം : S0093/2023

അടങ്കൽ - 3,00,000 (വികസന ഫണ്ട് -SCP)

BRN: 22150852010400574912/26-09-2022 : 3,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 11,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 11,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

16/01-08-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ തുക തടസ്സം ചെയ്യുന്നു. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-25 രശീതി/ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവ് തുകകളുടെ രശീതി/ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | BRN 22150852010400826740/28-11-2-22 | പ്രൊജക്ട് : ഐ.കെ.എം വിഹിതം നൽകൽ - കുടിശ്ശിക ഉൾപ്പടെ<br>നം. S0070/2023 | 111308 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 22200558/20-12-2022 | പഞ്ചായത്ത് അസോസിയേഷൻ സബ്സ്ക്രിപ്ഷൻ (2016-17 : 3000, 2017-18 മുതൽ 2020-21 വരെ) | 27000 | രശീതി |
| 3 | 22200369/15-09-2022 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക | 47374 | രശീതി |
| 4 | 22200097/13-05-2022 | സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ലൈബ്രറി സെസ് ഇനത്തിൽ നൽകിയ തുക | 200940 | രശീതി |
| 5 | 22200667/01-02-2023 | തദ്ദേശദിനം 2023<br>പ്രിൻസിപ്പൽ ഡയറക്ടർ LSGDക്ക് നൽകിയ തുക | 30,000 | രശീതി |
| 6 | 22200668/01-02-2023 | ശുചിത്വമിഷൻ അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് നൽകിയ വിഹിതം | 10,000 | രശീതി |
| | | ആകെ | 426622 | |

രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 426622 രൂപ തടസ്സം ചെയ്യുന്നു.

## 1-26 തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ പരിഹരിക്കേണ്ടതാണ്

പ്രൊജക്ട് - തെരുവ് വിളക്ക് റിപ്പയർ

നമ്പർ - S0024/2023

അടങ്കൽ - 2,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നം. 22200362/14-09-2022 : 193792

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ശ്രീ. ഫഹദ്.എം, എന്ന കോൺട്രാക്ടർക്ക് തുക നൽകിയിട്ടുണ്ട്. താഴെ കാണും പ്രകാരമാണ് 03-06-2022ലെ 2(1) പ്രകാരം ഭരണസമിതി അംഗീകരിച്ച ക്വട്ടേഷൻ നിരക്ക് -

LED Bulbറിപ്പയറിംഗ് -450 രൂപ

LED Bulb മാറ്റി സ്ഥാപിക്കൽ - 1450 രൂപ

Tube Repairing – 400

Tube മാറ്റി സ്ഥാപിക്കൽ - 1200

Switch Repairing – 400

Switch മാറ്റി സ്ഥാപിക്കൽ - 1000

പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. കരാറുകാരന് തുക അനുവദിച്ചപ്പോൾ KCWWF 1% കുറവു ചെയ്തിട്ടില്ല.

